**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6226** **10-07-2024 - ൽ മറുപടിയ്ക്ക്**

**ടൂറിസം പദ്ധതികൾക്ക് വനം വകുപ്പിന്റെ അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനംവകുപ്പിൽ നിന്നുള്ള അനുമതി ലഭിക്കുന്നതിന് കാലതാമസം വരുന്നതിനാൽ ടൂറിസം വകുപ്പിന്റെ പല പദ്ധതികളും നടപ്പിലാക്കാൻ കഴിയുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | നിലവിലുള്ള നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി ടൂറിസം വകുപ്പിൽ നിന്നും ലഭിക്കുന്ന പദ്ധതികൾക്കൊന്നും തന്നെ വനം വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ വനഭൂമിയിൽ ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 1980-ലെ കൺസർവേഷൻ ആക്ട് പ്രകാരം കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ആയതിന് കേന്ദ്ര സർക്കാരിന്റെ പരിവേഷ് പോർട്ടൽ മുഖേന യൂസർ ഏജൻസിയിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | വനംവകുപ്പിന്റെ നടപടികൾ ലഘൂകരിക്കാത്തതുമൂലം ടൂറിസത്തിന്റെ അനന്തസാദ്ധ്യതകൾക്ക് വലിയ നഷ്ടം സംഭവിക്കുന്നത് ഒഴിവാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | പ്രകൃതിയുടെ സന്തുലിതാവസ്ഥ നില നിർത്തുന്നതിലേക്കായാണ് വിവിധ വനം നിയമങ്ങൾ നിലവിലുള്ളത്. അനിയന്ത്രിതമായി വനമേഖലയിൽ പ്രവർത്തനങ്ങൾ അനുവദിക്കുന്നത് ഈ സന്തുലാവസ്ഥയെ ദോഷകരമായി ബാധിച്ചേക്കുമെന്നതിനാൽ വനം വകുപ്പിന്റെ നിലവിലുള്ള നിയമാനുസൃതമായ നടപടിക്രമങ്ങൾ അനിവാര്യമാണ്. വനഭൂമിയിൽ ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 1980-ലെ കൺസർവേഷൻ ആക്ട് പ്രകാരം കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ആയതിന് കേന്ദ്ര സർക്കാരിന്റെ പരിവേഷ് പോർട്ടൽ മുഖേന യൂസർ ഏജൻസിയിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | പത്ത്കോടി രൂപ വരെയുള്ള പദ്ധതികൾക്ക് പെർമിസീവ് സാംങ്ഷൻ നൽകുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ഡി.എഫ്.ഒ.മാർക്ക് | (സി) | ഇക്കാര്യം നിലവിൽ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | നൽകുന്നതിന് നടപടി സ്വീകരിക്കുമോ;<br>വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ